# <u>കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം</u>

കോ.വി.വ – തൃപ്രയാർ ഗവണ്മെന്റ് പോളിടെക്നിക് കോളേജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക ശ്രീമതി. പ്രിയ. ജോസ്. കെ സ്ഥലം മാറ്റം സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത O.A. No. (EKM) 452/2015 മേലുള്ള വിധി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉത്തരവ് നം. എ3-29275/2015/കോ.വി.വ | തീയതി: 01.02.2016

---

പരാമർശം:-1) 22.05.15 ലെ എ3-2436/2015/കോ.വി.വ നം. കരട് പൊതുസ്ഥലം മാറ്റ പട്ടിക

2) 29.05.15 ലെ എ3-2436/2015/കോ.വി.വ നം. അന്തിമ സ്ഥലം മാറ്റ ഉത്തരവ്

3) ശ്രീമതി. പ്രിയ.ജോസ്.കെ യുടെ 29.05.15 ലെ നിവേദനം

4) O.A.No. (EKM) 452/2015 മേലുള്ള ബഹു. KAT -ന്റെ 18.11.15 ലെ വിധി

5) 13.01.16 ൽ നടത്തിയ Personal Heraring

6) തൃപ്പൂണിത്തുറ ഗവണ്മെന്റ് കോളേജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകനായ ഡോ. ബിനു. കെ.ഡി 13.01.2016 ൽ നല്കിയിട്ടുള്ള കത്ത്

## <u>ഉത്തരവ്</u>

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകരുടെ 2015-16 ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച് പരാമർശം (1) പ്രകാരമുള്ള കരട് പട്ടികയിൽ ശ്രീമതി. പ്രിയ. ജോസ്.കെ യെ എറണാകുളം മഹാരാജാസ് കോളേജിൽ നിന്നും അവരുടെ അപേക്ഷ പരിഗണിച്ച് തൃപ്പൂണിത്തുറ ഗവണ്മെന്റ് കോളേജിലേയ്ക്ക് ഡോ. ബിനു.കെ.ഡി യ്ക്ക് സ്ഥലം മാറ്റം നല്കുന്ന ഒഴിവിൽ പരിഗണിച്ചിരുന്നു. പരാമർശം (2) പ്രകാരമുള്ള അന്തിമ സ്ഥലം മാറ്റ പട്ടികയിൽ, ഡോ. ബിനു.കെ.ഡി സ്ഥലം മാറ്റത്തിനുള്ള അപേക്ഷ പിൻവലിച്ചതു മൂലം തൃപ്പൂണിത്തുറ ഗവണ്മെന്റ് കോളേജിൽ ഒഴിവില്ലാതാകുകയും, ശ്രീമതി. പ്രിയ. ജോസിനെ തൃപ്രയാർ ഗവണ്മെന്റ് പോളിടെക്നിക് കോളേജിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുകയുമുണ്ടായി. പ്രസ്തുത ഉത്തരവിനെതിരെ ശ്രീമതി. പ്രിയ ജോസ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നല്കിയ O.A No. (EKM) 452/15 ൽ പരാമർശം (4) പ്രകാരമുള്ള വിധിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത

വിധിയിലെ നിർദ്ദേശപ്രകാരം ശ്രീമതി. പ്രിയ ജോസിന്റെ പ്രതിനിധി, ശ്രീ. ബിനു.കെ.ഡി എന്നിവരെ നേരിൽ കേൾക്കുകയുണ്ടായി. ഹിയറിംഗ് വേളയിൽ അവർ സമർപ്പിച്ച വാദമുഖങ്ങൾ വിശദമായി പരിശോധിച്ചു.

ശ്രീമതി. പ്രിയ.ജോസ്.കെ യുടെ വാദഗതി തനിക്ക് 5 വർഷം ഔട്ട് സ്റ്റേഷൻ സർവ്വീസ് ഉണ്ടെന്നും ആയതിനാൽ താൻ ആവശ്യപ്പെട്ട ഹോം സ്റ്റേഷനിലേയ്ക്ക് സ്ഥലം മാറ്റം നല്കേണ്ടതുണ്ട് എന്നുമാണ്. മാത്രമല്ല സ്ഥലം മാറ്റം സംബന്ധിച്ച് പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ തന്റെ പേര് ഉൾപ്പെട്ടിരുന്നു എന്നാൽ അന്തിമ ലിസ്റ്റിൽ പ്രത്യേക കാരണം ഒന്നും കൂടാതെ ഹർജ്ജിക്കാരിയെ ഒഴിവാക്കി എന്നുമാണ്. ശ്രീ. ബിനു.കെ.ഡി ഉന്നയിച്ച വാദമുഖം തനിക്ക് തൃപ്പൂണിത്തുറ ഗവണ്മെന്റ് കോളേജിൽ നിന്നും തന്റെ ഹോം സ്റ്റേഷനിലേയ്ക്ക് മാറാനായിരുന്നു ആഗ്രഹമെന്നും തൃപ്പൂണിത്തുറയിൽ തുടരുന്നതിന് താല്പര്യം ഇല്ലായിരുന്നു എന്നും, എന്നാൽ പ്രിൻസിപ്പാളിന്റെ നിർബ്ബന്ധത്തിന് വഴങ്ങിയാണ് അവിടെ നില്ക്കാൻ സമ്മതം മൂളിയതെന്നും സമർപ്പിച്ചു. കൂടാതെ തന്റെ ഹോം സ്റ്റേഷനിലേയ്ക്ക് മാറ്റം കിട്ടുന്നതിൽ എതിർപ്പില്ലായെന്നും ബോധിപ്പിച്ചു. ഈ വാദമുഖങ്ങൾ വിശദമായി പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന കാര്യങ്ങൾ ബോധ്യമായി.

1) ശ്രീമതി. പ്രിയ ജോസ്. കെ യ്ക്ക് നിലവിലുള്ള സ്ഥലം മാറ്റ മാനദണ്ഡ പ്രകാരം തൃപ്പൂണിത്തുറ ഗവണ്മെന്റ് കോളേജിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കാൻ പൂർണ്ണമായ അർഹത ഉണ്ടായിരുന്നു.

2) അർഹതപ്പെട്ട ഒരാളിന്റെ അവകാശം നിഷേധിച്ച് അവസാന നിമിഷം മറ്റൊരാളിന് ആ ആനുകൂല്യം നല്കിയ നടപടി ശരിയായ ഒന്നല്ല.

3) ശ്രീ. ബിനു.കെ.ഡി, തൃപ്പൂണിത്തുറ ഗവണ്മെന്റ് കോളേജിലെ പ്രിൻസിപ്പാളിന്റെ സമ്മർദ്ദത്തിന് വഴങ്ങിയാണ്, സ്ഥലം മാറിപ്പോകാൻ ആഗ്രഹിച്ചിരുന്നെങ്കിലും ആയത് വേണ്ട എന്ന് പിന്നീട് തീരുമാനിച്ചത്.

മേൽ വിവരിച്ച സാഹചര്യത്തിൽ ശ്രീ. പ്രിയ ജോസ്.കെ യ്ക്ക് തൃപ്പൂണിത്തുറ ഗവണ്മെന്റ് കോളേജിലേയ്ക്ക് അർഹതപ്പെട്ട സ്ഥലം മാറ്റം നിഷേധിച്ചതായി മനസ്സിലാകുന്നു. ആയതിനാൽ ശ്രീമതി. പ്രിയ ജോസ്.കെ യെ തൃപ്പൂണിത്തുറ ഗവണ്മെന്റ്

കോളേജിലേയ്ക്ക് മാറ്റി നിയമിച്ചും ശ്രീ. ബിനു.കെ.ഡി യെ തൃപ്രയാർ ശ്രീരാമ ഗവണ്മെന്റ് പോളിടെക്നിക്കിലേയ്ക്ക് നിയമിച്ചും ഉത്തരവാകുന്നു.

പ്രസ്തുത അദ്ധ്യാപകരെ ജോലിയിൽ നിന്നും വിടുതൽ ചെയ്തതും അവർ ജോലിയിൽ പ്രവേശിച്ചതുമായ വിവരം അതാത് പ്രിൻസിപ്പാൾമാർ യഥാസമയം ഈ കാര്യാലയത്തെ അറിയിക്കേണ്ടതുമാണ്.

ഈ ഉത്തരവ് പ്രകാരം പരാമർശം (4) ലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നു.

ഒപ്പ് /-
എം. നന്ദകുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1) ശ്രീമതി. പ്രിയ ജോസ്.കെ, ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക, ശ്രീരാമ ഗവ: പോളിടെക്നിക് കോളേജ്, തൃപ്രയാർ
2) ശ്രീ. ബിനു.കെ.ഡി, ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകൻ, ഗവണ്മെന്റ് കോളേജ്, തൃപ്പൂണിത്തുറ
3) പ്രിൻസിപ്പാൾ, ശ്രീരാമ ഗവണ്മെന്റ് പോളിടെക്നിക് കോളേജ്, തൃപ്രയാർ
4) പ്രിൻസിപ്പാൾ, ഗവണ്മെന്റ് കോളേജ്, തൃപ്പൂണിത്തുറ
5) അക്കൌണ്ടന്റ് ജനറൽ (എ&ഇ), എസ്.എച്ച് മൌണ്ട് റോഡ്, നാഗമ്പടം, കോട്ടയം
6) അഡ്വക്കേറ്റ് ജനറൽ, O/o അഡ്വക്കേറ്റ് ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം-695 035 [ആമുഖ കത്തോടുകൂടി] (സൂചന: ആ കാര്യാലയത്തിലെ B2 OA (EKM) 452/2015/AGO നമ്പർ കത്ത്)
7) എ3-2436/2015/കോ.വി.വ
8) നടപ്പ് ഫയൽ
9) കരുതൽ ഫയൽ

// അംഗീകാരത്തോടെ //

സൂപ്രണ്ട്

Cut
02.02.16